# വൈഗ ശില്പശാലയിൽ യുവ കർഷക സംരംഭകസംഗമം

**തൃശ്ശൂർ** ▸ ബുധനാഴ്ചമുതൽ വെള്ളാനിക്കര കാർഷിക സർവകലാശാലയിൽ നടക്കുന്ന വൈഗ അന്തർദേശീയ ശില്പശാലയുടെ ഭാഗമായി യുവകർഷക സംരംഭകസംഗമം നടക്കും. യുവകർഷകർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പാക്കാൻ 30-നാണ് സംഗമം.

കാർഷികമേഖലയിൽനിന്ന് മികച്ചവരുമാനം ഉറപ്പുവരുത്തുന്നതിനും വിപണനമേഖലയിലെ പ്രതിസന്ധി മറികടക്കുന്നതിനുമാണ് സർക്കാർ ശില്പശാലയും പ്രദർശനവും നടത്തുന്നത്.

കാർഷികോത്പന്നങ്ങളുടെ മൂല്യവർദ്ധനവിനെക്കുറിച്ചുള്ള അറിവും പ്രോത്സാഹനവും ഏകജാലകസംവിധാനത്തിലൂടെ ലഭ്യമാക്കാനാണ് വൈഗയിലൂടെ ഉദ്ദേശിക്കുന്നത്.

ഉത്പന്നനിർമാണം, യന്ത്രസാമഗ്രികൾ, സാമ്പത്തികസഹായം, വിപണനമാർഗങ്ങൾ, പാക്കേജിങ്, ലൈസൻസിങ്, സർട്ടിഫിക്കേഷൻ തുടങ്ങി ഉത്പന്ന -നിർമാണ-വിപണന ശൃംഖലയിലെ എല്ലാ ഘട്ടങ്ങളെക്കുറിച്ചുമുള്ള ശരിയായ അവബോധം സംരംഭകർക്കും കർഷകർക്കും ശില്പശാലയിലൂടെ ലഭിക്കും. ശില്പശാലയിൽ തായ്ലാൻഡ്, ശ്രീലങ്ക, ഫിലിപ്പീൻസ്, ഇൻഡൊനീഷ്യ എന്നീ രാജ്യങ്ങളിലെ പ്രതിനിധികളും ഉണ്ടാകും.

സ്കൂൾ വിദ്യാർഥികളെ കൃഷിയോട് താത്പര്യമുള്ളവരാക്കാൻ വിവിധ കലാമത്സരങ്ങൾ സംഘടിപ്പിക്കും. മൂല്യ വർദ്ധിത ഉത്പന്നങ്ങൾ കൂടാതെ, മൂല്യവർദ്ധിത സാങ്കേതികവിദ്യ, കൃഷി ഉപകരണങ്ങൾ, ഉത്പന്നനിർമാണസാമഗ്രികൾ, നേഴ്സറികൾ തുടങ്ങിയവയുടെ പ്രദർശനവുമുണ്ട്.

നാടൻ ഭക്ഷണശാലകൾ ഉൾപ്പെടെ 300 സ്റ്റാളുകളാണുള്ളത്. വൈകീട്ട് കലാസന്ധ്യയും ഒരുക്കിയിട്ടുണ്ട്.

Mathrubhumi 27.12.17